# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജനവരി 24

# വാർത്താക്കുറിപ്പ്

---

## മികവിന് കരുത്തേകാൻ എം.ജി. സർവകലാശാലയ്ക്ക് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാന്റെ 50 കോടി രൂപ

**- റൂസ ഫണ്ട് ലഭിച്ച ഇന്ത്യയിലെ 16 സർവകലാശാലകളിലൊന്നായി എം.ജി.**

**- മാറമ്പള്ളി എം.ഇ.എസ്. കോളജ് പ്രിൻസിപ്പലിനെതിരേ നടപടി**

**- സർവകലാശാലയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യും**

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്താനുള്ള രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് 50 കോടി രൂപ അനുവദിച്ചതായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സർവകലാശാലയിൽ നടന്ന സിൻഡിക്കേറ്റ് യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്ന അദ്ദേഹം.

സർവകലാശാലകളെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി രാജ്യത്ത് 16 സർവകലാശാലകൾക്കാണ് റൂസ ഫണ്ട് അനുവദിച്ചത്. വിവിധ സർവകലാശാലകളുടെ പ്രവർത്തനമികവ് വിലയിരുത്തിയാണ് ഫണ്ട് അനുവദിക്കുന്നത്.

സംരംഭകത്വ സ്റ്റാർട്ടപ്പുകൾ, എംപ്ലോയബിലിറ്റി, കരിയർ ഹബ് എന്നീ മേഖലകളിലെ മികവ് വർധിപ്പിക്കുന്നതിനായാണ് 15 കോടി രൂപ അനുവദിക്കുക. ഇതനുസരിച്ച് 500 വ്യവസായസ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതികൾ നടപ്പാക്കണം. തെരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ വിദേശസർവകലാശാലകളുമായി സഹകരിച്ചുള്ള ഗവേഷണ പദ്ധതികൾ നടപ്പാക്കുന്നതിനായാണ് 35 കോടി രൂപ അനുവദിക്കുന്നത്. കൃഷി, സ്പോർട്സ് മെഡിസിൻ, എനർജി സയൻസ്, നാനോ ടെക്നോളജി, ബയോടെക്നോളജി എന്നീ മേഖലകളിൽ വിദേശസർവകലാശാലകളുമായി സഹകരിച്ച് ഗവേഷണ പദ്ധതികൾ നടപ്പാക്കും. അമേരിക്കയിലെ കോർണെൽ സർവകലാശാല, യൂണിവേഴ്സിറ്റി ഓഫ് സൗത്ത് ഫ്ളോറിഡ എന്നിവയുമായി സഹകരിച്ച് അധ്യാപകതല ഗവേഷണ പദ്ധതികൾ നടപ്പാക്കും. സർവകലാശാലയിലെ ഗവേഷണപ്രവർത്തനങ്ങളെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യം. സർവകലാശാലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി റൂസ ആദ്യഘട്ടത്തിൽ എം.ജി.ക്ക് 20 കോടി രൂപ അനുവദിച്ചിരുന്നു.

സർവകലാശാല അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു. ജൂൺ വരെയുള്ള നൂറോളം ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യുക. കോപ്പിയടി പിടികൂടിയതുമായി ബന്ധപ്പെട്ട് സർവകലാശാല നിയോഗിച്ച പരീക്ഷ എക്സ്റ്റേണൽ സൂപ്രണ്ടിനെ കൈയേറ്റം ചെയ്ത സംഭവം സർവലാശാലയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിലും മേൽനടപടി സ്വീകരിക്കുന്നതിലും വീഴ്ചയും കാലതാമസവും വരുത്തിയ മാറമ്പള്ളി എം.ഇ.എസ്. കോളജ് പ്രിൻസിപ്പലിനെ പരീക്ഷയുടെ ചീഫ് സൂപ്രണ്ട് സ്ഥാനത്തുനിന്ന് നീക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു. പരീക്ഷ സൂപ്രണ്ടിന്റെ ചുമതല മറ്റൊരധ്യാപകന് നൽകും. സർവകലാശാല നൽകുന്ന പ്രിൻസിപ്പൽ അംഗീകാരം പിൻവലിക്കാതിരിക്കാൻ കാരണം ബോധിപ്പിക്കണം. വിവരം കോളജിയറ്റ് ഡയറക്ടറെ അറിയിക്കാനും യോഗം തീരുമാനിച്ചു.

ഗവേഷണ വിദ്യാർഥികളുടെ ഫെലോഷിപ്പ് കുടിശിക തീർക്കാനും യഥാസമയം ലഭ്യമാക്കുന്നതിനുമായി നടപടികൾ സ്വീകരിക്കുന്നതിന് സമിതിയെ നിയോഗിക്കാനും സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

(പി.ആർ.ഒ./39/131/2019)

**പ്രാക്ടിക്കൽ**

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എസ്‌സി. ബയോടെക്നോളജി (സി.ബി.സി.എസ്.- റഗുലർ, സി.ബി.സി.എസ്.എസ്.-സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 31 മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/132/2019)

മൂന്നാം സെമസ്റ്റർ എം.എസ്‌സി. സുവോളജി (സി.എസ്.എസ്.-റഗുലർ/റീഅപ്പിയറൻസ്) ഡിസംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി നാലു മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. പരീക്ഷയോടനുബന്ധിച്ചുള്ള എക്സാമിനർമാരുടെ സമിതിയുടെ യോഗം ജനുവരി 31ന് രാവിലെ 11ന് സിൽവർ ജൂബിലി പരീക്ഷാഭവന്റെ 201–ാം നമ്പർ മുറിയിൽ നടക്കും.

(പി.ആർ.ഒ./39/133/2019)

മൂന്നാം സെമസ്റ്റർ എം.എസ്‌സി. മൈക്രോബയോളജി (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 മേഴ്സി ചാൻസ് - സി.എസ്.എസ്.) നവംബർ/ഡിസംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 30 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/134/2019)

**പരീക്ഷഫലം**

2017 ഓഗസ്റ്റിൽ നടന്ന ബി.എ./ബി.എസ്‌സി./ബി.കോം/ബി.എ. മൾട്ടിമീഡിയ മോഡൽ II വൊക്കേഷണൽ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഏഴ് വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/135/2019)

2017 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. സോഷ്യോളജി (പ്രൈവറ്റ് - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/136/2019)

2017 നവംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എ. സോഷ്യോളജി (പ്രൈവറ്റ് - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/137/2019)

2017 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. പൊളിറ്റിക്സ് (പ്രൈവറ്റ്-റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഏഴുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/138/2019)

2017 നവംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്സ് (പ്രൈവറ്റ് - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഏഴുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/139/2019)

2018 മാർച്ച്, 2018 ജൂൺ മാസങ്ങളിൽ നടത്തിയ ഒന്ന്, മൂന്ന്, നാല്, അഞ്ച് സെമസ്റ്റർ ബി.എച്ച്.എം. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഏഴുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/140/2019)

2018 ഫെബ്രുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ ഐ.എം.സി.എ. (റഗുലർ), 2018 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ ഐ.എം.സി.എ. (റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഏഴുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/141/2019)

2018 ജൂലൈയിൽ നടന്ന മൂന്നാം സെമസ്റ്റർ ലാറ്ററൽ എൻട്രി എം.സി.എ. (2017 അഡ്മിഷൻ - എൽ.ഇ. പുതിയ സ്കീം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഏഴുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/142/2019)

2018 ഒക്ടോബറിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്/പഞ്ചവത്സരം - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഏഴുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/143/2019)

## സർവകലാശാല യൂണിയൻ കലോത്സവം;
## സംഘാടകസമിതി യോഗം ഇന്ന് (ജനുവരി 25)

മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ കലോത്സവം ഫെബ്രുവരി 28 മുതൽ മാർച്ച് നാലുവരെ കോട്ടയത്ത് നടക്കും. കലോത്സവത്തിന്റെ നടത്തിപ്പിനായുള്ള സംഘാടകസമിതി യോഗം ഇന്ന് (ജനുവരി 25ന്) ഉച്ചയ്ക്ക് മൂന്നിന് കോട്ടയം സി.എം.എസ്. കോളേജ് ഓഡിറ്റോറിയത്തിൽ നടക്കും.

(പി.ആർ.ഒ./39/144/2019)

## സർവകലാശാലയ്ക്ക് ഇന്ന് (ജനുവരി 25ന്) അവധി

സെന്റ് മേരീസ് ഫൊറോന പള്ളിയിലെ തിരുനാൾ പ്രമാണിച്ച് അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രാദേശിക അവധി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ മഹാത്മാ ഗാന്ധി സർവകലാശാല ആസ്ഥാനത്തെ ഓഫീസ്/സ്കൂളുകൾ/സെന്ററുകൾ എന്നിവയ്ക്ക് ഇന്ന് (ജനുവരി 25) അവധിയായിരിക്കും. അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പരിധിക്ക് പുറത്തുള്ള സർവകലാശാല സ്ഥാപനങ്ങൾക്ക് അവധി ബാധകമല്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് (ജനുവരി 25) ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചിരുന്നു.

**(വിവിധ ജില്ലകളിൽ നിന്ന് വിദ്യാർഥികൾ എത്തുന്നതിനാൽ അവധി വാർത്ത സ്റ്റേറ്റ് എഡിഷനിൽ നൽകണമെന്ന് അഭ്യർത്ഥന)**

(പി.ആർ.ഒ./39/145/2019)

## എം.ജി.യിൽ റിപ്പബ്ലിക് ദിനാഘോഷം

രാജ്യത്തിന്റെ 70-ാമത് റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചുള്ള ആഘോഷങ്ങൾ ജനുവരി 26ന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. രാവിലെ 9.20ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സർവകലാശാല ഭരണവിഭാഗ മന്ദിരത്തിൽ ദേശീയപതാക ഉയർത്തും. തുടർന്ന് സുരക്ഷാ ഉദ്യോഗസ്ഥരുടെ പരേഡ് പരിശോധിച്ച ശേഷം റിപ്പബ്ലിക് ദിന സന്ദേശം നൽകും. ചടങ്ങുകളിൽ പങ്കെടുക്കുന്നതിന് സർവകലാശാല ജീവനക്കാർ രാവിലെ ഒൻപതിന് എത്തണമെന്ന് രജിസ്ട്രാർ അറിയിച്ചു.

(പി.ആർ.ഒ./39/146/2019)

## ദേശീയ സമ്മതിദായക ദിനം ഇന്ന് (ജനുവരി 25);
## കോളേജുകളിലും ഓഫീസുകളിലും പ്രതിജ്ഞ

ദേശീയ സമ്മതിദായക ദിനത്തോടനുബന്ധിച്ച് സർവകലാശാലയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങളിലും കോളേജുകളിലും ഇന്ന് (ജനുവരി 25) രാവിലെ 11ന് സമ്മതിദായക ദിന പ്രതിജ്ഞയെടുക്കും. സ്ഥാപന മേധാവികൾ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വൈസ് ചാൻസലർ അറിയിച്ചു.

(പി.ആർ.ഒ./39/147/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ